# പ്രധാന വാക്കുകൾ: ചലന സഹായക ഉപകരണങ്ങൾ

| പ്രയോഗം | നിർവ്വചനം | ചിത്രം |
|---|---|---|
| അവയവം മുറിച്ച് മാറ്റൽ | ഒരു ശരീര ഭാഗത്തിന്റെ നഷ്ടം, ഉദാഹരണമായി കാൽ അഥവാ കൈ. | |
| സന്ധിവാതം | ഒരാളുടെ സന്ധികൾ സ്തംഭിച്ചതോ നീർവീക്കമുള്ളതോ ചലിപ്പിക്കുമ്പോൾ വേദന ഉള്ളതോ ആയ ആരോഗ്യ സ്ഥിതി | |
| സെറിബ്രൽ പാൾസി | ചലനം, മസിൽ ടോൺ, തുലനം, നേരേ നിൽക്കുക/ ഇരിക്കുക എന്നിവയ്ക്ക് കഴിയാത്ത ഒരു കൂട്ടം ശാരീരിക അവസ്ഥകൾ ഒന്നിച്ചുണ്ടാകുന്നത്. പ്രസവത്തിന് മുൻപോ പ്രസവ വേളയിലോ പ്രസവാനന്തരമോ തലച്ചോറിനുണ്ടാകുന്ന ക്ഷതം മൂലമാണ് സെറിബ്രൽ പാൾസി ഉണ്ടാകുന്നത്. | |
| പ്രമേഹം | രക്തത്തിലെ പഞ്ചസാരയുടെ അളവ് വർദ്ധിക്കുന്ന രോഗാവസ്ഥ. ഇത് ഒട്ടനേകം ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകാം: ശരീര ഭാഗങ്ങൾക്ക് സംവേദന ക്ഷമത ഇല്ലാതിരിക്കുക (പ്രത്യേകിച്ച് പാദങ്ങൾക്ക്) തുടർന്നുണ്ടാകുന്ന പാദ മുറിവുകൾ, ക്രമേണ കാഴ്ച്ച നഷ്ടപ്പെടുക, വൃക്കകൾ തകരാറിലാകുക, മൂത്രം നിയന്ത്രിക്കാൻ കഴിയാതിരിക്കുക, കാര്യങ്ങൾ ഓർക്കാൻ പ്രയാസമനുഭവപ്പെടുക. | |
| പ്രമേഹം മൂലമുണ്ടാകുന്ന പാദ മുറിവുകൾ | പാദത്തിലെ ചർമ്മം വിണ്ടുകീറുന്നു. പാദമുറിവുകൾ പ്രമേഹത്തിന്റെയും മറ്റ് ആരോഗ്യ പ്രശ്നങ്ങളുടേയും സങ്കീർണ്ണതയാണ്. ഇത് പാദത്തിന്റെ സംവേദന ക്ഷമത കുറയ്ക്കുന്നു. ചികിത്സിക്കാതിരുന്നാൽ പാദ മുറിവ്, കാല് മുറിച്ച് മാറ്റുന്നതിലേക്ക് നയിക്കും.പ്രമേഹ പാദ മുറിവുകളെ പാദ വ്യണങ്ങൾ എന്നും വിളിക്കും. |  |
| കൈവരി | ഒരു വ്യക്തിയെ വീഴാതിരിക്കാനും ചലിക്കാനും സഹായിക്കുന്ന ചുമരിൽ ഉറപ്പിച്ച ദണ്ഡ് |  |
| ശാരീരിക ക്ഷമത | ശാരീരികമായി ശക്തിയും ആരോഗ്യവുമുള്ള അവസ്ഥ. | |
| ദുർബലാവസ്ഥ | ക്ഷീണിച്ചതും ദുർബലവും തീരെ ഊർജ്ജമില്ലാത്തതുമായ അവസ്ഥ. സാധാരണയായി പ്രായമാകുമ്പോഴും ആരോഗ്യം ക്ഷയിക്കുമ്പോഴും ഉണ്ടാകുന്ന അവസ്ഥ. | |
| ഓർത്തോസിസ് | ഒരാളുടെ ശരീര ഭാഗത്തിന് ആവശ്യമായ പിന്തുണ നൽകുന്ന ബ്രേസ് അഥവാ സ്പ്ലിന്റ്. ഇത് വേദന കുറയ്ക്കുന്നതിനോ ചലനത്തിന് സഹായിക്കുന്നതിനോ അനാവശ്യമായ ചലനത്തെ പ്രതിരോധിക്കുന്നതിനോ കഴിയും. |  |
| തളർവാതം | ശരീര ഭാഗത്തിന്റെ ചലന ശേഷി നഷ്ടപ്പെട്ട അവസ്ഥ (സാധാരണയായി കൈകളോ കാലുകളോ) | |
| പോളിയോ | ഒരു വ്യക്തിയുടെ പേശികളെ തളർത്തുകയോ ദുർബലമാക്കുകയോ ചെയ്യുന്ന ഗുരുതരമായ പകർച്ചവ്യാധി. രോഗം ഭേദമായ ശേഷവും വ്യക്തിയുടെ ചലന ശേഷിയെ ബാധിക്കും. | |
| സമർദ്ദ മുറിവുകൾ | സമ്മർദ്ദ മുറിവ് എന്നാൽ ചർമ്മം വിണ്ടുകീറുന്ന അവസ്ഥയാണ്. ഇത് സാധാരണ ഗതിയിൽ അസ്ഥികൾ ഉള്ള ഭാഗത്തായിരിക്കുകയും സവേദന പ്രശ്നമോ ചലന പ്രശ്നമോ കിടക്കുകയോ ഇരിക്കുകയോ ചെയ്യുന്ന സ്ഥിതിയിൽ നിന്നും സ്വയം മാറാൻ കഴിയത്തവരിലാണ് ഈ പ്രശ്നം കൂടുതലായി കാണുന്നത്. | |

| | | |
|---|---|---|
| പ്രോസ്തസിസ് | നഷ്ടപ്പെട്ട കാലിന് പകരം ഘടിപ്പിക്കുന്ന കൃത്രിമ കാൽ |  |
| ചക്രം ഘടിപ്പിച്ച നടത്ത സഹായി | നാല് ചക്രങ്ങൾ ഉള്ള നടത്ത സഹായി. | |
| സ്വയം പരിചരണം | സ്വയം പരിചരണം എന്നാൽ സ്വയം പരിചരിക്കുക എന്നതാണ്. ഒരു വ്യക്തിയുടെ ദൈനംദിന അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ആ വ്യക്തി ഏറ്റെടുക്കുന്ന സ്വയം പരിചരണ പ്രവർത്തനങ്ങൾകാണ് TAP ഊന്നൽ നൽകുന്നത്. ഉദാഹരണമായി കഴുകൽ, ശുചിമുറി ഉപയോഗിക്കൽ, വസ്ത്രധാരണം, തീറ്റയും കുടിയും. | |
| സംവേദനം | സ്പർശനം, സമമർദ്ദം, വേദന എന്നിവ അറിയാനുള്ള കഴിവ്. | |
| സുഷുമ്ലാ നാഡിക്കുള്ള ക്ഷതം | അപകടമോ രോഗമോ മൂലം സുഷുമ്ലാ നാഡിക്കുണ്ടാകുന്ന ക്ഷതം. സുഷുമ്ലാ നാഡിയ്ക്ക് ക്ഷതം സംഭവിച്ചാൽ ശരീരത്തിൽ നിന്ന് തലച്ചോറിലേക്കോ തിരിച്ചോ സുഷുമ്ലാ നാഡിയിലൂടെ സന്ദേശങ്ങൾ സഞ്ചരിക്കുകയില്ല. സാധാരണയായി ഇത്തരം വ്യക്തികൾക്ക് ചലിക്കാനോ (തളർവാതം) മുറിവിന് താഴെയുള്ള ശരീര ഭാഗത്തിന്റെ സ്പർശന ക്ഷമത നഷ്ടപ്പെടുകയോ ചെയ്യുന്നു. | |
| പക്ഷാഘാതം | തലച്ചോറിലേക്കുള്ള രക്തപ്രവാഹത്തിനുണ്ടാകുന്ന തടസ്സം. ഇത് മൂലം ശരീരത്തിന്റെ ഒരു ഭാഗത്തിന് ബലക്ഷയം സംഭവിക്കുകയോ തളരുകയോ ചെയ്യുന്നു. ഒപ്പം സംസാരിക്കുന്നതിനും, സ്പർശിക്കുന്നതിനും, ചിന്തിക്കുന്നതിനും, കാണുന്നതി =നും പ്രയാസം അനുഭവപ്പെടുന്നു. | |
| അവയവം മുറിച്ച് മാറ്റിയ ശേഷമുള്ള ശരീര ഭാഗം | ആരോഗ്യമുള്ള മുട്ടിന് താഴെ വെച്ച് കൈയ്യോ കാലോ മുറിച്ച് മാറ്റിയ ശേഷം അവശേഷിക്കുന്ന ശരീര ഭാഗം. |  |
| ചികിത്സാ പാദരക്ഷകൾ | ചികിത്സാ പാദരക്ഷകൾ എന്നാൽ നടക്കാൻ കഴിയുന്ന വ്യക്തികളുടെ പാദങ്ങളെ മർദ്ദത്തിൽ നിന്നും ഉരസലിൽ നിന്നും സംരക്ഷിക്കുന്നതിനായി പ്രത്യേകം തയ്യാറാക്കിയിട്ടുള്ള ഷൂ അഥവാ ഇതര പാദരക്ഷാ സംവിധാനങ്ങളാണ് |  |
| മാറ്റം ചെയ്യൽ | നിങ്ങളുടെ ശരീരം ഒരിടത്ത് നിന്ന് മറ്റൊരിടത്തേയ്ക്ക് മാറ്റം ചെയ്യൽ. |  |
| ഭാരോദ്വഹനം | ഒരു വ്യക്തിയുടെ കാലുകൾക്ക് വഹിക്കാൻ കഴിയുന്ന ഭാരത്തിന്റെ അളവ് | |